LIBRARY ARCHIVES Kerala Legislative Assembly

ലൈഫ് മിഷന്റെ മാനദണ്ഡങ്ങളനുസരിച്ച് സൂക്ഷ്മ പരിശോധന നടത്തി അർഹരായ ഗുണഭോക്താക്കളെയാണ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുത്തുന്നത്. ഇപ്രകാരം 1,429 പേർ ഭൂരഹിത ഭവനരഹിതരായും 782 പേർ ഭൂമിയുള്ള ഭവനരഹിതരുടെ ഗുണഭോക്തൃ പട്ടികയിലും ഉൾപ്പെട്ടിട്ടുണ്ട്.

പട്ടികജാതി /പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭവനം

13 (758) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള എം.എൻ. ലക്ഷം വീട് ഇരട്ടവീടുകൾ മുഴുവൻ ഒറ്റവീടുകളാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ?

നിലവിൽ അത്തരത്തിലൊരു പദ്ധതി വകുപ്പ് മുഖേന നടപ്പിലാക്കുന്നില്ല. വിഷയം പരിശോധിക്കുന്നതാണ്. തദ്ദേശസ്വയംഭരണ വകുപ്പ് വഴി ഈ പദ്ധതി നടപ്പിലാക്കുന്നുണ്ട്.

(ബി) വിവിധ കാരണങ്ങളാൽ ലൈഫ് പദ്ധതിയിൽ ഉൾപ്പെടാത്ത, വാസയോഗ്യമായ ഭവനങ്ങളില്ലാത്ത മുഴുവൻ പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾക്കും വീട് അനുവദിക്കുന്നതിനായി നടപടി സ്വീകരിക്കുമോ?

വിവിധ കാരണങ്ങളാൽ ലൈഫ് മിഷൻ അർഹതാ ലിസ്റ്റിൽ ഉൾപ്പെടാത്തതും എന്നാൽ വാസയോഗ്യമായ വീടില്ലാത്തവരുമായ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരെ പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകൾ നടത്തിയ സർവ്വേ പ്രകാരം കണ്ടെത്തുകയും, ടി ലിസ്റ്റ് തുടർനടപടികൾക്കായി ലൈഫ് മിഷന് കൈമാറുകയും ചെയ്തിട്ടുണ്ട്. ആയതിൽ അർഹരായ മുഴുവൻ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കും വീട് അനുവദിക്കുന്നതിനുള്ള നടപടികൾ ലൈഫ് മിഷൻ മുഖേന സ്വീകരിച്ചുവരുന്നു.

സ്വന്തമായി വീടില്ലാത്ത പട്ടികജാതി കുടുംബങ്ങൾ

14 (759) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വന്തമായി വീടില്ലാത്ത എത്ര പട്ടികജാതി കുടുംബങ്ങളുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?